കേന്ദ്രങ്ങളിൽ ലോക അദാലത്തുകൾ സംഘടിപ്പിക്കുക, വാർഷികവരുമാനം 25000 രൂപയിൽ താഴെയുള്ള എല്ലാവർക്കും കൂടാതെ വരുമാന പരിധിയില്ലാതെ സ്ത്രീകൾക്കും കുട്ടികൾക്കും വ്യവസായതൊഴിലാളികൾക്കും നിയമപ്രകാരം അർഹതയുള്ള മറ്റാളുകൾക്കും സൗജന്യ നിയമസഹായം അനുവദിക്കുക, നിയമസാക്ഷരതാ ക്ലാസുകൾ നടത്തുക, ലീഗൽ എയ്ഡ് ക്ലിനിക്കുകൾ നടത്തുക എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(ബി) നിയമസഹായം ആവശ്യമുള്ളവരും അതിനർഹതയുള്ളവരുമായ എല്ലാവർക്കും മതിയായ സേവനങ്ങൾ നൽകുന്നതിന് അതോറിറ്റിയുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ തീർത്തും പര്യാപ്തമാണെന്ന് പറയാൻ വയ്യ.

(സി) സംസ്ഥാനതലത്തിലും ഹൈക്കോടതിതലത്തിലും ജില്ലാതലത്തിലും താലൂക്ക് തലത്തിലും ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ഉണ്ട്. എന്നാൽ കാലാവധി കഴിഞ്ഞ അംഗങ്ങൾക്കുപകരം പുതിയ അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(ഇ) ഓരോ ആഫീസിലും ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കുവാൻ കഴിഞ്ഞിട്ടില്ല. കോടതി ജീവനക്കാർക്ക് അധികച്ചുമതല നൽകി അവരെക്കൊണ്ട് ഇപ്പോൾ ജോലികൾ ചെയ്യിച്ചുവരുന്നു.

(എഫ്) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണ്.

താലൂക്ക് ലാന്റ് ബോർഡുകളുടെ പുനഃസംഘടന

24 (*523) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ലാന്റ് ബോർഡുകൾ പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ പുനഃസംഘടിപ്പിക്കപ്പെടുന്ന ലാന്റ് ബോർഡുകളുടെ ഘടന ഏത് രൂപത്തിലാണെന്ന് വ്യക്തമാക്കാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) 2002 ഏപ്രിൽ 4-ാം തീയതിയിലെ ജി.ഒ. (എം.എസ്.)74/2002/റവന്യൂ എന്ന ഉത്തരവ് പ്രകാരം താലൂക്ക് ലാന്റ് ബോർഡുകൾ പുനഃസംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പുനഃസംഘടിപ്പിക്കപ്പെട്ട താലൂക്ക് ലാന്റ് ബോർഡുകളിൽ അനൗദ്യോഗിക അംഗങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വീണ്ടും പുനഃസംഘടിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 100 (എ) വകുപ്പനുസരിച്ചാണ് താലൂക്ക് ലാന്റ് ബോർഡുകൾ സംവിധാനം ചെയ്തിട്ടുള്ളത്. ഇപ്രകാരം സംഘടിപ്പിക്കപ്പെടുന്ന ഒരു താലൂക്ക് ലാന്റ് ബോർഡിൽ ഡെപ്യൂട്ടി കളക്ടറുടെ റാങ്കിൽ കുറയാത്ത ഒരാൾ ചെയർമാനും പ്രാദേശിക തഹസീൽദാർ ഔദ്യോഗിക അംഗവും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറിൽ കൂടാത്ത അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. ഇതിന്റെ കാലാവധി 3 വർഷമാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

" വരൾച്ചാ ദുരിതാശ്വാസ നിധി"

1 (2757) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരൾച്ചാ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ചു ;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2001-2002, 2002-2003 എന്നീ വർഷങ്ങളിലും 2003-2004-ൽ ഇതുവരെയുമായി വരൾച്ചാ ദുരിതാശ്വാസത്തിനായി 1440 ലക്ഷം രൂപ അനുവദിച്ചു.

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്:-

തുക ലക്ഷത്തിൽ

ജില്ല	തുക
തിരുവനന്തപുരം	150
കൊല്ലം	64
പത്തനംതിട്ട	150
ആലപ്പുഴ	117
ഇടുക്കി	55
കോട്ടയം	100
എറണാകുളം	95
തൃശ്ശൂർ	53

LIBRARY ARCHIVES Kerala Legislative Assembly